പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 398.

26/06/2014 -ൽ മറുപടിക്ക്

## അണ്ടർവാല്യുവേഷനും റവന്യൂ റിക്കവറിയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ;<br>,, എ.കെ.ബാലൻ;<br>പ്രൊഫ. സി. രവീന്ദ്രനാഥ്;<br>ശ്രീ. പി.കെ.ഗുരുദാസൻ: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ആധാരങ്ങളിൽ സ്റ്റാമ്പ് ഡ്യൂട്ടി കുറവെന്ന് കണ്ടെത്തിയിട്ടുള്ള ആധാരങ്ങൾക്ക് റവന്യൂ റിക്കവറി നടപടികളിലൂടെ പണം ഈടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | എ) ഉദ്ദേശിക്കുന്നുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) അണ്ടർവാല്യുവേഷൻ നോട്ടീസ് അയച്ച്, ആംനസ്റ്റി സ്കീമിലൂടെയുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; ഇതുപ്രകാരം ഭൂവുടമ അടയ്ക്കേണ്ട തുക നിശ്ചയിച്ചിരുന്നത് ആരായിരുന്നു; | ബി) ഇപ്പോൾ നിലവിലില്ല.<br>കോമ്പൗണ്ടിംഗ് സ്കീം (ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി) എന്ന പേരിൽ രജിസ്ട്രേഷൻ വകുപ്പ് നടപ്പാക്കിയ ആംനസ്റ്റി സ്കീമിലൂടെ ഭൂഉടമ അടയ്ക്കേണ്ട തുക നിശ്ചയിച്ചിരുന്നത് 27/3/09-ലെ ജി.ഒ.(പി) 57/2009/ റ്റിഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആയിരുന്നു. കൈമാറപ്പെട്ട ഭൂമിയുടെ വിസ്തൃതിയേയും ആയത് സ്ഥിതിചെയ്യുന്ന സ്ഥലത്തെയും ആധാരമാക്കിയായിരുന്നു അടയ്ക്കേണ്ട തുക നിശ്ചയിച്ചിരുന്നത്. |
| സി) അണ്ടർവാല്യുവേഷൻ കണ്ടെത്തുന്നതിന് എന്നുമുതലുള്ള ആധാരങ്ങളാണ് പരിശോധിക്കുന്നത്; ഇതിൽ തുക നിശ്ചയിക്കുന്നതിന് ആർക്കാണ് അധികാരം നൽകിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ ? | സി) 28/8/1967- ൽ, കേരള മുദ്രപ്പത്ര നിയമത്തിൽ 45 ബി വകുപ്പ് കൂട്ടിച്ചേർത്ത് വരുത്തിയ ഭേദഗതിയിലൂടെയാണ് അണ്ടർവാല്യുവേഷൻ നടപടികൾ സ്വീകരിക്കാൻ ആരംഭിച്ചത്. 15/9/1967-ന് ഈ ഭേദഗതി പ്രാബല്യത്തിൽ വന്നു. അന്നു മുതൽ സബ് |

രജിസ്ട്രാർമാർ ആധാരങ്ങൾ അണ്ടർവാല്യുവേഷൻ നടപടികൾക്കായി റിപ്പോർട്ട് ചെയ്തു വരുന്നു. അവയിൽ കുടിശ്ശികയുള്ള കേസുകളിൽ മാത്രമാണ് തുടർ നടപടികൾ സ്വീകരിക്കുന്നത്.

1959-ലെ കേരള മുദ്രപ്പത്ര നിയമം വകുപ്പ് 45 (ബി)(2) പ്രകാരം അണ്ടർ വാല്യുവേഷൻ സംബന്ധിച്ച കേസുകളിൽ കുറവുതുക സംബന്ധിച്ച തീരുമാനം എടുക്കുന്നതിനുള്ള അധികാരം ജില്ലാ കളക്ടർമാർക്കാണ്. ഈ അധികാരം വിനിയോഗിക്കുന്നതിന് ജില്ലാ രജിസ്ട്രാർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആധാരം നടന്ന തീയതി മുതൽ രണ്ട് വർഷത്തിനുള്ളിൽ സ്വമേധയാ അണ്ടർവാല്യുവേഷൻ നടപടികൾ സ്വീകരിക്കാൻ ജില്ലാ രജിസ്ട്രാർ മാർക്ക് കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ